പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 3388 14.7.2015 ൽ മറുപടിയ്ക്ക്

**ഐ.ടി. മേഖലയിലെ പുതിയ സ്ഥാപനങ്ങൾ**

ചോദ്യം
ശ്രീ. സി.കെ. സദാശിവൻ

മറുപടി
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഐ.ടി. മേഖലയിൽ എത്ര സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും, അവ ഏതൊക്കെ യെന്നും എത്ര പേർക്ക് ഇതു വഴി തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

(എ) തിരുവനന്തപുരം ടെക്നോപാർക്കിന് കീഴിൽ 126 പുതിയ കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. ഈ കമ്പനികളിൽ ഏകദേശം 17106 പേർക്ക് പ്രത്യക്ഷമായും ഇതിന്റെ നാല് മടങ്ങ് പേർക്ക് പരോക്ഷമായും തൊഴിൽ ലഭിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന് കീഴിൽ എറണാകുളം, കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിൽ നാല് ടെക്നോലോഡ്ജുകൾ പ്രവർത്തനം ആരംഭിച്ചു. കെ.എസ്.ഐ.റ്റി.ഐ.എൽ ഇംപ്ലിമെന്റിംഗ് ഏജൻസി യായി ICT അക്കാഡമി നിലവിൽ വന്നു. ഈ സ്ഥാപനങ്ങളിലായി 234 പേർക്ക് ജോലി ലഭിച്ചു.

കൊച്ചി ഇൻഫോപാർക്കിന്റെ ക്യാംപസുകളിലും കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന ടെക്നോളജി ബിസിനസ്സ് സെന്ററിലുമായി 98 ഓളം കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5200 ഓളം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

കോഴിക്കോട് സൈബർ പാർക്കിന് കീഴിൽ നാല് ഐ.ടി. കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. നാലു കമ്പനികളിലുമായി 80 ഓളം പേർക്ക് ജോലി ലഭിച്ചു.

സ്റ്റാർട്ടപ്പ് മിഷനുമായി ബന്ധപ്പെട്ട് 40 സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയിലൂടെ 226 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ